# പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.524

10.06.2014 ലെ മറുപടിക്ക്

ചേലക്കര ഗവ.പോളിടെക്നിക് കോളേജിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടി

**ചോദ്യം** **ഉത്തരം**

ശ്രീ.കെ.രാധാകൃഷ്ണൻ, എം.എൽ.എ

ശ്രീ.കെ.എം.മാണി
(ബഹു.ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | ചേലക്കര മണ്ഡലത്തിലെ ചേലക്കര ഗവ.പോളിടെക്നിക് കോളേജിൽ 2010-ൽ എ.ഐ.സി.റ്റി.ഇ അംഗീകാരം നൽകിയ രണ്ട് പുതിയ കോഴ്സുകൾ അനുവദിക്കുന്നതിനുള്ള ഫയൽ ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്കായി സമർപ്പിക്കപ്പെട്ടിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഉണ്ട്. |
| (ബി) | ഈ രണ്ട് കോഴ്സുകൾക്കും കൂടി പ്രതി വർഷം എത്ര തുകയാണ് അധികമായി വിനിയോഗിക്കേണ്ടിവരുന്നതെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം വ്യക്തമാക്കുമോ; | ₹.31,66,296/- |
| (സി) | ഈ കോഴ്സുകൾ ആരംഭിക്കുന്നതിന്റെ പ്രാധാന്യവും അവശ്യകതയും ബോധ്യപ്പെട്ടതിന്റെയടിസ്ഥാനത്തിൽ പ്രസ്തുത ഫയൽ സമർപ്പിക്കുവാൻ വീണ്ടും നിർദ്ദേശം നൽകിയിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | പ്രസ്തുത ഫയൽ ധനവകുപ്പ് പരിശോധിക്കുകയും, സംസ്ഥാന സർക്കാറിന്റെ നിലവിലുള്ള സാമ്പത്തിക പശ്ചാത്തലത്തിന്റെ അടിസ്ഥാനത്തിൽ ചേലക്കര പോളിടെക്നിക്കിൽ പുതിയ കോഴ്സ് ആരംഭിക്കുന്നതിന് നിർവ്വാഹമില്ല എന്ന് ഭരണ വകുപ്പിനെ അറിയിച്ചിരുന്നു. തുടർന്ന് ബഹു.ചേലക്കര എം.എൽ.എ യുടെ കത്തിന്റെ അടിസ്ഥാനത്തിൽ ടി ഫയൽ പുന:പരിശോധിക്കുകയും മുൻനിലപാടിൽ ഉറച്ചുനിൽക്കുന്നതായി തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | രക്ഷകർത്താക്കളുടെയും വിദ്യാർത്ഥികളുടെയും വർഷങ്ങളായുള്ള ആവശ്യം പരിഗണിച്ച് പിന്നോക്ക മേഖലയിൽ സ്ഥിതി ചെയ്യുന്ന ഗവ.പോളിടെക്നിക്കിൽ ഈ വർഷം രണ്ട് കോഴ്സുകളും ആരംഭിക്കുവാൻ ഉത്തരവ് നൽകുമോ? | |

സെക്ഷൻ ഓഫീസർ